# മാംഗല്ല്യം

നുജുബ ഹാഷിം



ഇന്നലെ ഞാനൊരു മാംഗല്ല്യപ്പന്തലിൽ
ചെന്നിരുന്നുള്ളൊരാ വേളയോർത്തിന്നു
കരയാതെ കരയും പിതാക്കളെയോർത്തു
മിഴിനീരൊലിച്ചു പോയൽപമായെന്നിലും
തോരണങ്ങളാടുന്നവന്റെ ആർഭാടപ്പന്ത-
ലിന്നവളുടെ പിതാവിന്റെ
ചോരനിറമായിരുന്നു.
കേമമാം സദ്യക്കയാളുടെ
വിയർപ്പിന്റെ സ്വാദായിരുന്നു.
കല്ല്യാണക്കോടിക്കയാളുടെ
വെയിലേറ്റു വാടിക്കരിഞ്ഞ
തൊലിയുടെ മിനുപ്പായിരുന്നു.
കട്ടിൽ, അലമാരയെല്ലാറ്റിനും
അയാളുടെ രൂപസാദൃശ്യമായിരുന്നു.
അടിമുടിയവളിൽ പൊതിഞ്ഞ,
മഞ്ഞലോഹത്തിലെല്ലാം
അയാളുടെ ആധാരത്തിന്റെ
കൊത്തുപണികളായിരുന്നു.



# ഉടഞ്ഞ സ്വപ്നങ്ങൾ

ഹുസ്ന പി

ചിറകിനുള്ളിലൊളിച്ച സ്വപ്നങ്ങൾ
വെറുതെയിരുന്നപ്പോൾ പുറത്തുചാടി.
പകൽകിനാക്കളും പുതുമോഹവും
പതിയെ വഴിമാറി.
വെറുതെ കൊളുത്തിവെച്ച പ്രണയം
പുതുനാമ്പായ് കിളിർത്തു.
മായാചിരിയും മധുരസ്നേഹവും
മാഞ്ഞുപോവാതെ നിറഞ്ഞുനിന്നു.
പൊട്ടിച്ചിരികളും കിളിക്കൊഞ്ചലുകളും
മൊബൈലിലൊതുങ്ങാതെ,
വഴിയരികിലും ഇരുളറകളിലും
വലിഞ്ഞുനിന്നു.
ആഗ്രഹങ്ങളും അതിമോഹവും
അറിയാതെ തന്നെ പൂവണിഞ്ഞു.
മാംഗല്യത്തിലൊതുങ്ങിയ പ്രണയം
മനസ്സിന്റെ മറവിൽ തർക്കിച്ചു കിടന്നു.
പുലരാത്ത മോഹങ്ങൾ
പൂത്തിരിപോലെ കെട്ടണഞ്ഞു.
പുതിയ പ്രശ്നങ്ങളിൽ
പുഴുക്കളിഴഞ്ഞു നടന്നു.
ആശകളും ആനന്ദവും
മെഴുകുതിരി പോലുരുകിയലിഞ്ഞു.
ആദ്യം തോന്നിയ സ്നേഹം പോലും
അരികിൽ വരാൻ മടിച്ചു നിന്നു.
കുടുംബവും കോടതിയും ഉടഞ്ഞ
സ്വപ്നങ്ങൾക്ക് സാക്ഷി പറഞ്ഞില്ല.
ക്ഷമയും സമയവും അവരെ കാത്തുനിന്നില്ല.
ഒടുവിൽ മരുന്നുകടയിലെ വിഷക്കുപ്പി
അവരെ കവർന്നെടുത്തപ്പോഴേക്കും
ഉടഞ്ഞ സ്വപ്നങ്ങളിൽ
ചിതലരിച്ചിരുന്നു.